കുടിയായ്മ നിയമപ്രകാരമുള്ള മര്യാദപ്പാട്ടം.

*1747. [18] ശ്രീ. ആർ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) മലബാർ കുടിയായ്മ നിയമപ്രകാരമുള്ള മര്യാദപ്പാട്ടം കണക്കാക്കിക്കിട്ടാൻ കൃഷിക്കാർ പാട്ടക്കോടതികളിൽ കൊടുത്ത ഹർജികൾ ഏതെങ്കിലും ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതു പാട്ടക്കോടതികളിലെ ഹർജികളാണ് ; എത്ര എണ്ണം ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഉണ്ട്.

(ബി) ചിറ്റൂർ 1.
മഞ്ചേരി 1.
പെരുന്തൽമണ്ണ 1.
പാലക്കാട് 8.
ആലത്തൂർ 1.

ആകെ പന്ത്രണ്ട്. ഈ സ്റ്റേറേ് ആവശ്യപ്പെട്ടിരിക്കുന്നവരെ എല്ലാം ബാധിക്കുന്നതാണ്. പന്ത്രണ്ട കേസ്സുകളാണുള്ളത്. ഈ പന്ത്രണ്ട കേസ്സുകളെ ബാധിക്കുകയുള്ളൂ. വേറെ ഒരു റിട്ട് ഹർജിയുള്ളതു, റിട്ട ഹൈക്കോടതി തള്ളിയിരിക്കുകയാണ്.

ഹരിജൻ ഹോസ്റ്റലുകൾ.

*1748. [19] ശ്രീ. കെ. ഇച്ചരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സ്റ്റേറിൽ എത്ര ഹരിജൻ ഹോസ്റ്റലുകൾ ഉണ്ട് ;

(ബി) ഹരിജൻ ഹോസ്റ്റലുകളിൽ നടന്നുവരുന്ന അഴിമതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതു് എന്താണെന്നു പറയുവാൻ മയവുണ്ടാകുമോ ;

(ഡി) ഈ അഴിമതികളെപ്പറ്റി ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ അടങ്ങുന്ന ഒരു കമ്മിറ്റിയെ വച്ചു് അന്വേഷിക്കുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ):

(എ) ഇപ്പോൾ 26 ഗവണ്മെൻറ് ഹരിജൻ ഹോസ്റ്റലുകൾ നടത്തിവരുന്നുണ്ട്.

(ബി-സി) ചില വിദ്യാർത്ഥികളുടേയും വാർഡന്മാരുടേയും പെരുമാറ്റത്തെപ്പറ്റി, ചില ആക്ഷേപങ്ങൾ ലഭിച്ചിരുന്നു.

(ഡി) ഗവണ്മെൻറ് വേണ്ട നടപടികൾ എടുത്തിട്ടുണ്ട്. അന്വേഷണത്തിനു് ഒരു കമ്മിറ്റിയെ നിയോഗിക്കേണ്ട ആവശ്യമില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗവണ്മെൻറിനു് ലഭിച്ചിട്ടുള്ള ആക്ഷേപങ്ങളുടെ സ്വഭാവമെന്താണ് ?

ശ്രീ. പി. കെ. ചാത്തൻ : ആക്ഷേപങ്ങൾ അവിടത്തെ കുട്ടികളും വാർഡന്മാരുമായിട്ടുള്ള അഭിപ്രായ വ്യത്യാസങ്ങളും ചിലരുടെ നടപടിപ്പിശകുകളുമെപ്പറ്റിയും, ചില നടപടികൾ കുട്ടികളുടെ പേരിൽ എടുത്തതിനെപ്പറ്റിയും മറ്റുമായിരുന്നു. ആ ഡിപ്പാർട്ടുമെൻറ് അപ്പോഴപ്പോൾ ഇടപെട്ട അന്വേഷണം നടത്തി തീരുമാനം എടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly